"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഭിന്നശേഷി അവകാശ നിയമ പ്രകാരം അർഹതയുള്ള എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട കേൾവിശക്തി കുറഞ്ഞവർക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന ശ്രവണസഹായി നൽകാവുന്നതാണെന്ന് വ്യക്തത വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.560/2026/LSGD തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026-ന്ന നടന്ന യോഗത്തിന്റെ തീരുമാനം 3.1

**ഉത്തരവ്**

തദ്ദേശ ഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട പരാമർശം 1, 2 പൊതുമാർഗ്ഗരേഖകൾ പ്രകാരം 2016 ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരമുള്ള എല്ലാവിഭാഗങ്ങളിലും ഉൾപ്പെട്ട വ്യക്തികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിലേക്കുള്ള പരാമർശം 3 സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം, കേൾവിശക്തി കുറഞ്ഞവർക്ക് ശ്രവണസഹായി നൽകുന്നതു സംബന്ധിച്ച്, "മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് കേൾവിശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിനുശേഷമുള്ള കേൾവി സഹായികളും മറ്റ് ഉപകരണങ്ങളും നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഏറ്റെടുക്കേണ്ടതാണ്" എന്നാണ് പ്രതിപാദിച്ചിരിക്കുന്നത്. പരാമർശം 3 സബ്സിഡി - ധനസഹായ മാർഗ്ഗരേഖയിൽ മുകളിൽ പറഞ്ഞ പ്രകാരം മാത്രമെ പരാമർശിച്ചിട്ടുള്ളൂ എന്നതിനാൽ കോക്ലിയർ ഇംപ്ലാന്റ് ചെയ്യാത്ത മറ്റുള്ളവർക്ക് ശ്രവണ സഹായികൾ നൽകുന്നതു സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവ്യക്തതയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോക്ലിയർ ഇംപ്ലാന്റ് ചെയ്യാത്തവർക്കും ശ്രവണ സഹായികൾ ആവശ്യമായിവരും.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം 3 സബ്സിഡി - ധനസഹായ മാർഗ്ഗരേഖയുടെ ഖണ്ഡിക 7.1.2 (ബി) ചുവടെ പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

'2016 ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരം അർഹതയുള്ള എല്ലാ വിഭാഗത്തിൽ ഉൾപ്പെട്ട കേൾവിശക്തി കുറഞ്ഞവർക്കും പ്രായഭേദമന്യേ ശ്രവണസഹായി നൽകാവുന്നതാണ്. ഇതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും എറ്റെടുക്കാവുന്നതാണ്. സർക്കാർ സർവ്വീസിലുള്ള ബന്ധപ്പെട്ട ഡോക്ടർ ആയിരിക്കണം ഇതിന്റെ ആവശ്യനിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തേണ്ടത്.'

3. പരാമർശം (3) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
9. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
10. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
11. എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ജനറൽ) വകുപ്പ്
23. സാമൂഹ്യനീതി വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 02-03-2026 17:35:13

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്